കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നടപടി

14 [*169] ശ്രീ. വർക്കല കഹാർ :
,, സി. പി. മുഹമ്മദ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഏതെല്ലാം പ്രദേശങ്ങൾ ഇതിന് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്;

(സി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് പറയുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്.

(ബി) 16 സ്ഥലങ്ങൾ കേരളത്തിൽ കണ്ടെത്തിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

(സി) പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ട് കെ. എസ്. ഇ. ബി.-യുടെ 2 മെഗാവാട്ട് കാറ്റാടിപ്പാടം പ്രവർത്തിച്ചു വരുന്നു.

ഇടുക്കി ജില്ലയിലെ രാമക്കൽ മേട്ടിൽ അനെർട്ടും കെ. എസ്. ഇ. ബി.-യും സംയുക്തമായി 3.75-5 MW-ന്റെ ഒരു Wind Farm സ്ഥാപിക്കുന്നതിനുവേണ്ടി 18-1-2006-ൽ ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയുണ്ടായി. സ്വകാര്യ സംരംഭകരെ ഈ മേഖലയിൽ കൊണ്ടുവരുന്നതിനായി 6-11-2004-ൽ ജി. ഒ. (എം. എസ്.) നം. 23/2004/പി. ഡി. പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് രണ്ട് കമ്പനികൾ മുന്നോട്ടു വന്നിട്ടുണ്ട്.

സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കുന്നതിനുള്ള നടപടികൾ

15 [*170] ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
,, രാജു എബ്രഹാം :
,, ടി. കെ ദേവകുമാർ :
,, ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, കോഴിക്കോട് സർവ്വകലാശാലകളിൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായിട്ടുണ്ട്;

(ബി) ഈ സർവ്വകലാശാലകളിൽ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകളെ പിരിച്ചു വിട്ടിട്ട് എത്ര കാലമായി;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) നോമിനേറ്റ് ചെയ്യപ്പെട്ട സിൻഡിക്കേറ്റുകളുടെ കാലാവധി എത്ര പ്രാവശ്യം നീട്ടിക്കൊടുത്തു; ഈ രണ്ട് സർവ്വകലാശാലകളിലും ഇപ്പോൾ ഉള്ള നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ കാലാവധി എന്നുവരെയാണ്;

(ഡി) സർവ്വകലാശാല നിയമം അനുശാസിക്കുന്ന വിധം തെരഞ്ഞെടുപ്പ് നടത്തി അധികാരം തെരഞ്ഞെടുക്കപ്പെട്ട സെനറ്റിനും സിൻഡിക്കേറ്റിനും കൈമാറുന്ന പ്രക്രിയ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) കോഴിക്കോട് സർവ്വകലാശാലയിൽ സെനറ്റിന്റെ എല്ലാ മണ്ഡലങ്ങളുടെയും തെരഞ്ഞെടുപ്പ് പൂർത്തിയായി കഴിഞ്ഞു. സെനറ്റ് രൂപീകരിക്കാൻ സർവ്വകലാശാല ചാൻസലർക്ക് ശുപാർശ ചെയ്തിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ സെനറ്റ് പ്രതിനിധികളെ തെരഞ്ഞെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 5-1-2005-ൽ പിരിച്ചുവിട്ടു.

(സി) ഒരു പ്രാവശ്യം നീട്ടിക്കൊടുത്തു. 11-1-2006-ൽ കാലാവധി അവസാനിച്ചു.

(ഡി) കോഴിക്കോട് സർവ്വകലാശാലയിൽ സെനറ്റ് രൂപീകരിച്ച് വിജ്ഞാപനം വരുന്ന മുറയ്ക്കും കേരള സർവ്വകലാശാലയിൽ തെരഞ്ഞെടുപ്പ് പൂർത്തിയാക്കി സെനറ്റ് രൂപീകരിക്കുന്ന മുറയ്ക്കും സിൻഡിക്കേറ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

റാഗിംഗ് നിരോധന നിയമം

16 [*171] ശ്രീ. കെ. സി. ജോസഫ് :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റാഗിംഗ് നിരോധന നിയമം എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്;

(ബി) പ്രസ്തുത നിയമമനുസരിച്ച് എന്തെല്ലാം കാര്യങ്ങൾക്കാണ് ഇനിയും ചട്ടങ്ങളുണ്ടാക്കേണ്ടത്;

(സി) ഇതുവരെ എന്തെല്ലാം കാര്യങ്ങൾക്ക് ചട്ടമുണ്ടാക്കി;

(ഡി) ഈ നിയമത്തിന് പൂർണ്ണമായും ചട്ടങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) 1998-ലെ കേരള റാഗിംഗ് നിരോധന ആക്ട് (1998-ലെ 10-ാം ആക്ട്), 1997 ഒക്ടോബർ 23-ാം തീയതിയിലാണ് പ്രാബല്യത്തിൽ വന്നത്.

LIBRARY ARCHIVES Kerala Legislative Assembly